എ.ആർ

# ഇടതു സർക്കാറിന്റെ ഒരു വർഷം

വി.എസ് അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതു മുന്നണി ഗവൺമെന്റ് ഒരു വർഷം പിന്നിടുമ്പോൾ സംസ്ഥാനവും സർക്കാറും എവിടെ ചെന്നുനിൽക്കുന്നു? കണക്കെടുപ്പ് പല തലങ്ങളിൽ നടക്കുന്നുണ്ട്. ഭരണമുന്നണി സ്വാഭാവികമായും നേട്ടങ്ങൾ പെരുപ്പിച്ചുകാട്ടുമ്പോൾ പ്രതിപക്ഷം ഇടതു ഭരണത്തിൽ കേരളം ഏറെ പിറകോട്ടു പോയെന്നാരോപിച്ച് കുറ്റവിചാരണ നടത്തുകയാണ്. വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലിൽ നേട്ടങ്ങളും കോട്ടങ്ങളും അനുപാതാന്തരത്തോടെ പങ്കുവെക്കേണ്ട അവസ്ഥയിലാണ് അച്യുതാനന്ദൻ സർക്കാർ എന്ന് ബോധ്യമാവുന്നു.

90,000 പേർക്ക് ഘട്ടംഘട്ടമായി തൊഴിൽ ലഭിക്കാവുന്ന, ഏറെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഭയപ്പെടേണ്ടതില്ലാത്ത സ്മാർട്ട്സിറ്റി കരാർ ദുബൈ ടീകോമുമായി ഒപ്പിടാൻ കഴിഞ്ഞതാണ് നേട്ടങ്ങളുടെ പട്ടികയിൽ പ്രഥമസ്ഥാനത്ത്. 33,000 പേരുടെ തൊഴിലവസരങ്ങൾക്കു വേണ്ടി പുല്ലുവിലയ്ക്ക് ഭൂമിയും ഇൻഫോപാർക്കും ടീകോമിന് കൈമാറുകയും അഞ്ച് വർഷത്തേക്ക് മറ്റാരെയും ആ മേഖലയിലേക്ക് അടുപ്പിക്കാൻ പാടില്ലെന്ന് ഗ്യാരണ്ടി നൽകുകയും ചെയ്യേണ്ട ഒരു അടിയറവ് കരാറായിരുന്നു ഉമ്മൻചാണ്ടി സർക്കാറിന്റെ കാലത്ത് രൂപപ്പെട്ടത്. തെരഞ്ഞെടുപ്പും എതിർപ്പും അതിന് തടയിട്ടു. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള കരാറേ ഇടതു സർക്കാർ ഒപ്പിടൂ എന്ന ശാഠ്യം വലിയ അളവിൽ സാക്ഷാത്കരിച്ചുകൊണ്ടാണ് താൻ സ്മാർട്ട്സിറ്റിയെ കുടിയിരുത്തുന്നതെന്ന് മുഖ്യമന്ത്രിക്ക് ന്യായമായും അവകാശപ്പെടാം.

നേട്ടങ്ങളിൽ രണ്ടാമത്തേത് നിശ്ചയമായും മൂന്നാറിലെ അനധികൃത കൈയേറ്റങ്ങൾക്കെതിരെ സ്വീകരിച്ചുതുടങ്ങിയ ധീരമായ നടപടികൾ തന്നെ. ഇടതു-വലതു രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദപ്പെട്ടവരും സ്വാധീനമുള്ള പ്രമാണിമാരും കാലാകാലങ്ങളിൽ അനേകായിരം ഏക്കർ വനം-റവന്യൂഭൂമി കൈയേറിപ്പിടിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ കുത്തകകളിലൊന്നായ ടാറ്റ തന്നെയാണ് ഭൂമി സ്വന്തമാക്കിയവരുടെ മുൻനിരയിൽ. ഇവരെയൊന്നും ഒഴിപ്പിക്കാനോ അന്യാധീനപ്പെട്ട പൊതുസ്വത്ത് തിരിച്ചുപിടിക്കാനോ നട്ടെല്ലുള്ളവരാരും ഇതുവരെ സംസ്ഥാനം ഭരിച്ചിട്ടില്ല. പരാതികൾ ഉയരുമ്പോൾ അന്വേഷണ സംഘങ്ങളെ നിയോഗിച്ച് തടിയൂരുന്ന തന്ത്രമാണ് നാളിതുവരെ പയറ്റിയത്. കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് *മാധ്യമം* പത്രം അതിസാഹസികമായ പ്രയത്നത്തിലൂടെ മൂന്നാറിലെ ഭൂമി കൈയേറ്റങ്ങൾ പുറത്തുകൊണ്ടുവന്നപ്പോൾ പ്രശ്നം ഏറ്റുപിടിച്ച് പോരാട്ടത്തിനിറങ്ങിയത് പ്രതിപക്ഷനേതാവ് വി.എസ് അച്യുതാനന്ദനായിരുന്നു. മഴയും വെയിലും വകവെക്കാതെ കുന്നും മലയും കയറിയിറങ്ങി വയോധികനായ ആ പോരാളി നയിച്ച ഒറ്റയാൾ പോരാട്ടമാണ് നേരു പറഞ്ഞാൽ ഇടതുമുന്നണിക്ക് അഭൂതപൂർവമായ ജനവിധി നേടിക്കൊടുത്ത ഒരു പ്രധാന ഘടകം. സ്വന്തം പാർട്ടിപോലും നിർണായക ഘട്ടത്തിൽ അദ്ദേഹത്തെ തഴഞ്ഞപ്പോൾ തിരിച്ചുവരവിനും തെരഞ്ഞെടുപ്പു ഗോദയിലെ ശക്തമായ ഇടപെടലിനും വി.എസ് അച്യുതാനന്ദന് കരുത്തു പകർന്നത് ജനപിന്തുണയാണ്. അതിനാൽതന്നെ തെറ്റുകൾ തിരുത്താൻ തനിക്ക് ലഭിച്ച സുവർണാവസരം അദ്ദേഹം പരമാവധി ആർജവത്തോടെ ഉപയോഗിക്കേണ്ടതുണ്ടായിരുന്നു. മൂന്നാറിലെ കൈയേറ്റക്കാർ ചില്ലറക്കാരല്ല. അവർക്ക് രക്ഷാകവചം തീർക്കുന്നവർ ഏതെങ്കിലും ഒരു മുന്നണിയിൽ മാത്രവുമല്ല. പക്ഷേ, ഇടതുമുന്നണിയിൽനിന്ന് തന്നെ ഉയർന്ന എതിർപ്പുകൾ നേരിട്ടുകൊണ്ട് മുഖ്യമന്ത്രി സ്വന്തമായി തെരഞ്ഞെടുത്ത മൂന്നംഗ ടീമിനെ മൂന്നാറിലേക്കയച്ച് കൈയേറ്റക്കാരെ ഇറക്കിവിടാനും അനധികൃത നിർമിതികൾ പൊളിച്ചു നീക്കാനും ഇറങ്ങിത്തിരിച്ചിരിക്കുന്നത് നഷ്ടമായിക്കൊണ്ടിരുന്ന പ്രതിഛായ തിരിച്ചുപിടിക്കാൻ വലിയ അളവിൽ പ്രയോജനപ്പെടും.

അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങളിൽ ചിലത് തുറപ്പിക്കാനും പൂട്ടിപ്പോയ മാവൂർ ഗ്രാസിമിലെ കരാർ തൊഴിലാളികൾക്ക് വൈകിയെങ്കിലും നഷ്ടപരിഹാരം ലഭ്യമാക്കാനും നടപടിയെടുത്ത വ്യവസായ മന്ത്രി എളമരം കരീം ഇടതു മുന്നണി സർക്കാറിന്റെ പ്ലസ് പോയിന്റാണ്. തന്റെ വകുപ്പിനെക്കുറിച്ച് നന്നായി പഠിച്ചും ഹോംവർക്ക് ചെയ്തും കരുതലോടെ നീങ്ങുന്ന കരീം ഖാദി-കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിന് സ്വീകരിച്ച നടപടികൾ മതിപ്പുളവാക്കുന്നതാണ്. തന്റെ ഭാവനയിലുള്ള മറ്റു പദ്ധതികൾ നടപ്പാക്കാൻ അദ്ദേഹത്തിന് സാധിച്ചാൽ കേരളത്തിലെ തൊഴിലില്ലായ്മാ പ്രശ്നത്തിന് ഒരുപരിധിവരെ പരിഹാരമാവും. തമിഴ്നാടിന്റെ അതിശക്തമായ സമ്മർദങ്ങൾക്കു മുമ്പിലും മുല്ലപ്പെരിയാർ ഡാം പ്രശ്നത്തിൽ പതറാതെ പൊരുതുന്ന ജലസേചനമന്ത്രി എൻ.കെ പ്രേമചന്ദ്രനാണ് മുന്നണി സർക്കാറിന്റെ സുസ്മേര മുഖങ്ങളിലൊന്ന്. തിരൂർ-താനൂർ മേഖലയിൽ വർഗീയ-തീവ്രവാദശക്തികൾ തുടങ്ങിവെച്ച കൊലപാതക പരമ്പര ജനങ്ങളുടെ സഹകരണത്തോടെ ഒതുക്കുന്നതിൽ വിജയിച്ച ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ പക്ഷേ, സ്വന്തം ജില്ലയായ കണ്ണൂരിന്റെ ചോരപുരണ്ട ചരിത്രം തിരുത്തുന്നതിൽ ലക്ഷ്യം കണ്ടിട്ടില്ല. സംസ്ഥാനത്തെ ഗുണ്ടാ വിളയാട്ടത്തിന് കടിഞ്ഞാണിടാനും അദ്ദേഹത്തിന് സാധിച്ചിട്ടില്ല. കാക്കിവേഷക്കാരുടെ മാനുഷിക മുഖമാവട്ടെ എന്നത്തെയും പോലെ മങ്ങിതന്നെ നിൽക്കുന്നു. ജയിലുകളെ അസ്വസ്ഥപൂർണമാക്കുന്ന സ്വന്തം പാർട്ടിക്രിമിനലുകൾക്ക് ബീഡി പുനഃസ്ഥാപിച്ചതുകൊണ്ട് മാത്രം തടവറകളുടെ മുഖം മിനുക്കിയെടുക്കാൻ അദ്ദേഹത്തിന് സാധിക്കണമെന്നില്ല. തീവ്രവാദ വേട്ടയുടെ പേരിൽ പോലീസ് ഒപ്പിക്കുന്ന വേലകൾ ന്യൂനപക്ഷങ്ങളിൽ അരക്ഷിതബോധം വളർത്താനാണുതകുന്നത്. ഇടതു സർക്കാറിന്റെ മതേതര പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന പോലീസ് നയമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്.

വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളുടെ കാർഷിക പാക്കേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് കാണാനിരിക്കുന്നതേയുള്ളൂ. സാമാന്യമായി കാർഷിക രംഗം തകർന്നുതന്നെ കിടക്കുന്നു. നെല്ല്, പച്ചക്കറി, കന്നുകാലി കൃഷികളിൽ സംസ്ഥാനം സ്വയംപര്യാപ്തിയുടെ അടുത്തൊന്നും എത്തുന്ന ലക്ഷണം പോലുമില്ല. റബർ ഇറക്കുമതി തീരുവ വെട്ടിക്കുറക്കാനുള്ള കേന്ദ്ര തീരുമാനം താരതമ്യേന ആദായകരമായ റബർ കൃഷി

യെകൂടി നിരുത്സാഹപ്പെടുത്തും.

കേരളത്തിന്റെ നിലനിൽപിനാധാരമായ മാനവവിഭവശേഷി വികസനത്തിന്റെ കാര്യത്തിൽ അത്ഭുതങ്ങൾ ചെയ്യാൻ എം.എ ബേബിക്ക് സാധിച്ചില്ലെന്നതോ പോകട്ടെ ഉന്നത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽ വെച്ച കൈ പൊള്ളുകയും ചെയ്തു. സ്വകാര്യ മാനേജ്മെന്റുകളുടെ വിദ്യാഭ്യാസ കച്ചവടത്തിന് തടയിടണമെന്ന നിശ്ചയദാർഢ്യം അനുപേക്ഷ്യവും സ്വാഗതാർഹവും തന്നെയായിരുന്നു. പക്ഷേ, ഭരണഘടന ന്യൂനപക്ഷങ്ങൾക്കനുവദിച്ച അവകാശങ്ങളിന്മേൽ കൈ വെക്കുമ്പോൾ കോടതികൾ എന്ന കടമ്പ കടക്കേണ്ടിവരും എന്ന് ചിന്തിക്കാൻ ധൃതികൂടിപ്പോയ സ്വാശ്രയ വിദ്യാഭ്യാസ നിയന്ത്രണബില്ല് ചുട്ടെടുത്തവർക്ക് സാധിച്ചില്ല. നിയമം കോടതിയിൽ തട്ടി ഉടയുന്നതിലാണ് സംഭവം കലാശിച്ചത്. രണ്ടാം വിദ്യാഭ്യാസ വർഷത്തിലേക്ക് കടക്കുമ്പോഴും മെഡിക്കൽ-എഞ്ചിനീയറിംഗ്-ടീച്ചർ എജുക്കേഷൻ സ്ഥാപനങ്ങളിലെ പ്രവേശനവും ഫീസും കീറാമുട്ടിയും വെല്ലുവിളിയുമായി തുടരുന്നു. ഉള്ളുതുറന്നു സമവായത്തിന്റെ മാർഗം സ്വീകരിക്കാൻ സർക്കാർ തയാറായില്ല. നിയമനിർമാണം പ്രശ്നത്തിന് പരിഹാരമാവുമെന്ന് പ്രതീക്ഷിക്കാൻ സുപ്രീംകോടതി അവസരം നൽകുന്നുമില്ല. എന്നാൽ, തങ്ങളുടെ 50:50 ഫോർമുല തന്നെയായിരുന്നു ശരിയെന്ന യു.ഡി.എഫിന്റെ അവകാശവാദം നിരർഥകമാണ്. തുണ്ടുകടലാസ്സിൽപോലും ഒരു ധാരണാപത്രം ഒപ്പിടാതെ സ്വകാര്യ മാനേജ്മെന്റുകൾക്ക് എൻ.ഒ.സി നൽകിയ യു.ഡി.എഫ് സർക്കാർ ഒടുവിൽ പുഷ്പഗിരി-കോലഞ്ചേരി മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുടെ പിടിവാശിക്ക് മുന്നിൽ മുഖംകുത്തിവീണപ്പോഴാണ് മുഖ്യമന്ത്രി എ.കെ ആന്റണി വിവാദവിധേയമായ ന്യൂനപക്ഷവിരുദ്ധ പ്രസ്താവന ചെയ്തുപോയത്. കൊക്കിന് വെച്ചത് കുളക്കോഴിക്കേറ്റത് വേറെ കാര്യം. പക്ഷേ, തെറ്റു തിരുത്താൻ മിനക്കെട്ട എൽ.ഡി.എഫ് സർക്കാറിനും തിരുനക്കരെനിന്ന് വഞ്ചി പുറപ്പെടുവിപ്പിക്കാനായില്ലെന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധി. കേരളത്തിൽ മതന്യൂനപക്ഷങ്ങളേയില്ലെന്ന അയഥാർഥമായ സമീപനം ഒരർഥത്തിലും കുരുക്കഴിക്കുകയില്ല. ഭരണഘടനയുടെ ചട്ടക്കൂടിൽനിന്നുകൊണ്ട് നീതി നിഷേധിക്കപ്പെട്ടവർക്ക് അത് ലഭ്യമാക്കാനും വിദ്യാഭ്യാസത്തിന്റെ നിലവാരവും മാനവികതയും ഉറപ്പാക്കാനും ഉതകുന്ന നിവാരണനടപടികളാണാവശ്യം. അതിന് എല്ലാവിഭാഗങ്ങളുമായും അർഥവത്തായ ചർച്ചകൾക്ക് സർക്കാർ തയാറാവണം.

ചന്ദ്രവട്ടം പദ്ധതി നടപ്പാക്കാൻ പ്രായോഗിക നടപടികൾ തുടങ്ങിവെച്ചതിലൂടെ സൽപേര് നേടിയ സർക്കാർ അത് കളഞ്ഞുകുളിക്കാൻ ഇട വരുത്തുന്നതാണ് പാത്രക്കടവ് പദ്ധതി. ബദലുകളില്ലാത്ത സൈലന്റ് വാലിയുടെ പാരിസ്ഥിതിക സന്തുലനത്തിന് സാരമായ പരിക്കേൽപിക്കുന്ന പാത്രക്കടവ് പദ്ധതിയിൽനിന്ന് വൈദ്യുതിവകുപ്പ് പിന്മാറുന്നതാണ് ഉചിതം. പ്ലാച്ചിമടയിൽ കൊക്കക്കോളയോട് കാട്ടുന്ന വീര്യം കഞ്ചിക്കോട്ട് പെപ്സിയുടെ കാര്യത്തിൽ ചോർന്നുപോകുന്ന സാഹചര്യവും തിരുത്തപ്പെടേണ്ടതുണ്ട്. പരിസ്ഥിതി സൗഹൃദപരമല്ല പലപ്പോഴും ഇടതുസർക്കാറുകളുടെ സമീപനമെന്ന് ജനങ്ങൾ ന്യായമായിതന്നെ കരുതുന്നു.

അഴിമതിയുടെ കാര്യത്തിൽ മുന്നണികളെല്ലാം ഒന്നുപോലെ എന്ന സാമാന്യവത്കരണം ശരിയല്ലായിരിക്കാം. അനന്തപുരിയിൽ തമ്പടിക്കുന്ന അധികാര ദല്ലാളുമാരുടെ തള്ളിക്കയറ്റത്തിന് ഒരു വർഷമായി പൊറുതിയുണ്ടെന്നതും വാസ്തവമാവാം. എന്നാലും കരുത്തുറ്റ നടപടികൾ ഈ രംഗത്ത് ഇനിയും സ്വീകരിച്ചിട്ടുവേണം. താരതമ്യേന സൽപേര് പുലർത്തിവന്ന സി.പി.ഐയുടെ പാരമ്പര്യത്തിന് ക്ഷതമേൽപിക്കാനേ പുതിയ ടീമിന് സാധിച്ചിട്ടുള്ളൂ എന്ന വിലയിരുത്തൽ അവഗണിക്കേണ്ടതല്ല. പാർട്ടി പത്രമായ 'ജനയുഗ'ത്തെ പുനർജനിപ്പിക്കാനുള്ള വെമ്പലിൽ സിവിൽ സപ്ലൈസ്, വനം, റവന്യൂ വകുപ്പുകളൊക്കെ വഴിവിട്ടു കളിച്ചു എന്ന് പൊതുസമൂഹം കരുതുന്നു. മൂന്നാറിലെ ഭൂമി കൈയേറ്റത്തിലും സി.പി.ഐയുടെ കരങ്ങൾ ശുദ്ധമല്ലെന്നാണ് സാമാന്യധാരണ. കേരള കോൺഗ്രസി(ജെ)ന്റെ ഏക മന്ത്രിയും തന്റെ മുൻഗാമികൾ ചാർത്തിയ കളങ്കം കഴുകിക്കളയാൻ ശ്രമിച്ചിട്ടില്ല. ജനതാദളുകാരനായ ഗതാഗതമന്ത്രി തത്ത്വദീക്ഷയുടെ പേരിൽ സ്വന്തം പാർട്ടിയിൽ വിചാരണ ചെയ്യപ്പെടുന്നതായ വർത്തമാനവും ശുഭസൂചനയല്ല. നരേന്ദ്രൻ കമീഷൻ ചൂണ്ടിക്കാട്ടിയ ബാക്ക്ലോഗ് നികത്താൻ ഇനിയും നടപടികളായില്ല. മുൻ യു.ഡി.എഫ് സർക്കാർ പിന്നാക്ക സമുദായങ്ങൾക്ക് ഇനിയും നിയമന നഷ്ടങ്ങൾ ഒഴിവാക്കാൻ പി.എസ്.സിക്ക് നൽകിയ നിർദേശങ്ങൾ സാമാന്യം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഒതുങ്ങുന്നു ഇടതു സർക്കാറിന്റെയും വാഗ്ദാനപാലനം. അതോടൊപ്പം തെരഞ്ഞെടുപ്പിൽ സഹായിച്ച ഒരു പ്രത്യേക വിഭാഗത്തെ തൃപ്തിപ്പെടുത്താൻ നിലവിലെ വഖ്ഫ് ബോർഡിനെ പിരിച്ചുവിടാൻ കരുനീക്കങ്ങൾ ആരംഭിച്ചതായുള്ള പരാതി ഗൗരവപൂർവം കണക്കിലെടുക്കപ്പെടേണ്ടതാണ്. കൃത്യമായും സത്യസന്ധമായും പരിരക്ഷിക്കപ്പെടേണ്ട വഖ്ഫ് സ്വത്തുക്കളും സ്ഥാപനങ്ങളും വിഭാഗീയതയുടെ പിടിവാശിക്കാർക്ക് തന്നിഷ്ടത്തിന് വിട്ടുകൊടുത്താൽ പ്രത്യാഘാതങ്ങൾ സങ്കീർണമാവും.

ഇടതുസർക്കാറിന്റെ പ്രതിഛായ തകർക്കുന്നതിൽ ഏറ്റവും മോശമായ പങ്ക് വഹിക്കുന്നത് പതിവുപോലെ മദ്യനയം തന്നെ. മദ്യവർജനം പരമാവധി പ്രോത്സാഹിപ്പിക്കുമെന്നും ഉദയഭാനു കമീഷൻ ശിപാർശകൾ നടപ്പാക്കുമെന്നും തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉറപ്പു നൽകി ജനവിധി തേടിയവർ റവന്യൂവിന്റെ പേരിലും മദ്യത്തൊഴിലാളികളുടെ മറവിലും കേരളത്തെ മദ്യത്തിൽ മുക്കുകയാണ്. സർക്കാർ ഉടമസ്ഥതയിലുള്ള ബീവറേജസ് കോർപറേഷൻ മദ്യോൽപാദനവും വിതരണവും ആവോളം കൂട്ടുന്നു. ടൂറിസം വകുപ്പും ഈ അധാർമിക വൃത്തിയിൽ പങ്കാളികളാവുന്നു. കള്ളു വിതരണം മിക്കവാറും സി.പി.എമ്മുകാരുടെ സഹകരണ സംഘങ്ങളെ ഏൽപിച്ച് വിതരണം ഉദാരമാക്കുന്നു. ഒപ്പം ചാരായം-സ്പിരിറ്റ് കടത്ത് തടയുന്നതിൽ എക്സൈസ് വകുപ്പ് അക്ഷന്തവ്യമായ അനാസ്ഥ തുടരുകയും ചെയ്യുന്നു. കോഴിക്കോട്ട് മദ്യവർജന സമിതിയുടെ സംസ്ഥാന സമ്മേളനത്തിൽ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ ചെയ്ത പ്രസംഗം മാത്രമാണ് മദ്യവർജനത്തിന് ഒരു വർഷത്തിനുള്ളിൽ സർക്കാരിൽനിന്ന് ലഭിച്ച ഒരേയൊരു സംഭാവന! പീഡിത സ്ത്രീവർഗത്തിന്റെയും സുമനസ്സുകളുടെയാകെയും പിന്തുണ നഷ്ടപ്പെടുത്തുന്നതാണ് ഈ വികലമദ്യനയം.

സർവോപരി ഭരണത്തിന് വേഗം പോരാ എന്ന തോന്നൽ ജനങ്ങൾക്കുണ്ട്. മുഖ്യമന്ത്രിയുടെ കൈകാലുകൾ ബന്ധിതമായതാണ് അതിന് പ്രധാനകാരണമെന്നും അവർ വിശ്വസിക്കുന്നു. എന്തൊക്കെ അവകാശവാദങ്ങൾ നിരത്തിയാലും മാധ്യമങ്ങളെ എത്ര രൂക്ഷമായി കുറ്റപ്പെടുത്തിയാലും സി.പി.എമ്മിനുള്ളിലെ വിഭാഗീയതക്ക് അറുതിവരാത്തതു തന്നെയാണ് പ്രതിസന്ധിയുടെ മർമം. പിണറായി വിജയന്റെ സംശയരോഗവും വെട്ടിനിരത്തൽ നയവും പാർട്ടിയെയും സർക്കാറിനെയും ഒരുപോലെ വെട്ടിലാക്കുന്നു എന്ന് സമ്മതിക്കാതിരുന്നിട്ട് കാര്യമില്ല. സ്വതന്ത്ര മാധ്യമങ്ങളുടെ സത്യസന്ധമായ വിമർശനങ്ങളോടു പോലും അസഹിഷ്ണുത പുലർത്തുന്നത് തെറ്റ് തിരുത്താനുള്ള സന്മനസ്സുമല്ല. ■